LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: ഉദ്യോഗസ്ഥതലത്തിൽ കാലതാമസം വന്നാൽ ഇതിന്റെ ബുദ്ധിമുട്ട് ജനങ്ങൾക്ക് ഉണ്ടാകും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 1 എ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ,.....

പ്രതികൂലിക്കുന്നവർ,.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ടോൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ,.....

പ്രതികൂലിക്കുന്നവർ,.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

XI ക്രമപ്രശ്നം

അംഗങ്ങളുടെ ഭേദഗതികൾക്ക് തുല്യമായി ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച്

ശ്രീ. ടി. കെ. ദേവകുമാർ: പോയിന്റ് ഓഫ് ഓർഡർ,.... ഞാൻ എഴുതി തന്നിട്ടുണ്ട്. നേരത്തെ ഈ സഭയിൽ ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. നിയമസഭാംഗങ്ങൾ വകുപ്പ് തിരിച്ച് ഭേദഗതി തരുമ്പോൾ അംഗങ്ങൾ തരുന്ന ഭേദഗതി പിന്നീട് ഔദ്യോഗിക ഭേദഗതിയായി സഭയിൽ കൊണ്ടുവരാൻ പാടില്ലായെന്ന് ചെയറിൽനിന്ന്

കഴിഞ്ഞ സഭാസമ്മേളനത്തിൽ തന്നെ റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് എന്റെ 95-ാം നമ്പർ ഭേദഗതി ഇതിൽ അടിച്ചുവന്നിട്ടുണ്ട്. അതുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി 163-ാം നമ്പർ ഒഫിഷ്യൽ ഭേദഗതിയായി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അത് റൂളിംഗിന് വിപരീതമാണ്. നേരത്തെ ഉണ്ടായിരുന്ന റൂളിംഗ് നിയമസഭാംഗങ്ങൾ കൊണ്ടുവരുന്ന ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി കൊണ്ടുവരാൻ പാടില്ലായെന്നാണ്. ആ ഭേദഗതി ഗവൺമെന്റിന് സ്വീകാര്യമാണെങ്കിൽ അംഗീകരിക്കണമെന്നാണ് റൂളിംഗിൽ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി വിത്ത്ഡ്രാ ചെയ്യുകയും എന്റെ 95-ാം നമ്പർ ഭേദഗതി പരിഗണിക്കുകയും ചെയ്യണം. അതാണ് കഴിഞ്ഞ സഭാ സമ്മേളനത്തിൽ ഉണ്ടായിരുന്ന റൂളിംഗ്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): അങ്ങനെ പ്രത്യേക റൂളിംഗ് ഒന്നുമില്ല. ഇവിടെ മെമ്പർമാർ കൊണ്ടുവരുന്ന അമന്റ്മെന്റ് ഗവൺമെന്റിന് സ്വീകാര്യമാണെന്ന് കണ്ടാലും പല സന്ദർഭങ്ങളിലും ഒഫിഷ്യൽ അമന്റ്മെന്റ് കൊണ്ടുവന്ന കീഴ്വഴക്കം ഈ സഭയിലുണ്ട്. അങ്ങനെ പ്രത്യേക റൂളിംഗ് ഉള്ളതായി ആർക്കും അറിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ ഇവിടെ ഇരിക്കുകയല്ലേ, ചെയർ പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട പാർലമെന്ററി അഫയേഴ്സ് മിനിസ്റ്റർ പറഞ്ഞത് ശരിയായ കാര്യമല്ല. ഇതിന് മുമ്പ് ഇങ്ങനെ ഉണ്ടായിട്ടുണ്ട്. മെമ്പർമാർ വളരെ കാര്യമായിട്ടാണ് ഭേദഗതി എഴുതി കൊടുക്കുന്നത്. ആ ഭേദഗതിതന്നെ മന്ത്രി സർക്കുലേറ്റ് ചെയ്യുന്നത് ശരിയല്ലായെന്ന റൂളിംഗുണ്ട്. ഭേദഗതി കൊണ്ടുവന്ന മെമ്പർ ഹാജരല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അവതരിപ്പിക്കാം. മെമ്പർ ഇവിടെ ഉള്ള സ്ഥിതിക്ക് മെമ്പറുടെ ഭേദഗതിയാണ് ആദ്യം പരിഗണിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറയട്ടെ, കീഴ്വഴക്കം അനുസരിച്ച് ഒഫിഷ്യൽ അമന്റ്മെന്റ് ആദ്യം വിളിക്കും.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഇവിടെ പറഞ്ഞത് നിലവിൽ റൂളിംഗ് ഉണ്ട് എന്നാണ്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യവകുപ്പുമന്ത്രി പറഞ്ഞത് ഞാൻ സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നാണ്. ഞാൻ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ മാപ്പ് ചോദിക്കുവാൻ തയ്യാറാണ്. ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് സഭാ രേഖകൾ പരിശോധിച്ച് ബഹുമാനപ്പെട്ട പാർലമെന്ററികാര്യവകുപ്പുമന്ത്രിയുടെ പരാമർശം പിൻവലിക്കുവാൻ തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് കീഴ്വഴക്കമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രണ്ട് തരത്തിലുള്ള കീഴ്വഴക്കം ഇവിടെ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത് ഇത് അംഗീകരിക്കുന്നതായിരിക്കും സഭയ്ക്ക് കുറച്ചുകൂടെ നല്ലത് എന്നാണ്. ഇവിടുത്തെ നിങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് എന്തും ചെയ്യാമെന്ന് പാർലമെന്ററി അഫയേഴ്സ് വകുപ്പുമന്ത്രി ഉദ്ദേശിക്കുന്നുണ്ടാകാം.

ശ്രീ. കെ. സി. ജോസഫ്: ഇന്നത്തെ അസംബ്ളി കവറിൽ മന്ത്രിയുടെ അമന്റ്മെന്റാണ് കൊടുത്തിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ് ശരി. അങ്ങനെ റൂളിംഗ് ഉണ്ടായിട്ടില്ല. മിനിസ്റ്ററുടെ അമന്റ്മെന്റ് സർക്കുലേറ്റ് ചെയ്തു കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ സഭയെ മിസ്ലീഡ് ചെയ്യുകയാണ്.

XII നിയമനിർമ്മാണകാര്യം—(തുടർച്ച)

(2) 2004-ലെ കേരള ടോൾ (ഭേദഗതി) ബിൽ 2-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(112) In section 2 (a) of the principal Act proposed to be amended by clause 2 (i) substitute the words "One hundred lakhs and one hundred rupees" for the words "One hundred lakh rupees".

സർ, നൂറ് ലക്ഷം രൂപ എന്നുള്ളത് നൂറ് ലക്ഷത്തി ഒരുന്നൂറായി മാറ്റണമെന്നുള്ളതാണ് ഭേദഗതി. ബഹുമാനപ്പെട്ട മന്ത്രി ബിൽ പൈലറ്റ് ചെയ്തുകൊണ്ട് കുറേ കാര്യങ്ങൾ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് പാറശ്ശാല
12.00 Noon മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്യുന്നതിനിടയിൽ ഒരു കോടി രൂപ, അതിന്റെ പരിധിയായി വച്ചുകഴിഞ്ഞാൽ ഒരു വാഹനത്തിനു തന്നെ വളരെയധികം കാശ് കൊടുക്കേണ്ടതായി വരും. സംസ്ഥാനത്ത് വാഹനനികുതി ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനനികുതി, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് ഏറ്റവും കൂടുതൽ. കേരളത്തിൽ വാഹനനികുതിക്കു പുറമേ ഇത്തരമൊരു ടോൾ കൊണ്ടുവരുന്നത് യാത്രക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. അതുകൊണ്ട് ഈ പരിധി വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതിയുടെ സാരം. കണ്ണൂർ ജില്ലയിൽ കണ്ണവം പാലം ഉദ്ഘാടനം ചെയ്ത അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ ആ ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. ആ പാലത്തിന്റെ ചെലവെന്നു പറയുന്നത് ഒരു കോടി രൂപയാണ്. ഒരു കോടി രൂപ ഇതിന്റെ പരിധിയായി വച്ചുകഴിഞ്ഞാൽ സ്വാഭാവികമായിട്ടും ആ പാലത്തിലൂടെ പോകുന്ന വാഹനങ്ങൾക്ക് ടോൾ കൊടുക്കേണ്ടതായി വരും. അന്ന് ബഹുമാനപ്പെട്ട മന്ത്രി ചടങ്ങിൽ പങ്കെടുത്തുകൊണ്ടു പറഞ്ഞത്, 35 ലക്ഷത്തിന്റെ പരിധി ഒരു കോടിയായിട്ട് വർദ്ധിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് എന്നാണ്. അങ്ങനെ ഒരു കോടി രൂപയായിട്ട് നിശ്ചയിക്കുമ്പോൾ